
സത്യം അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

| പുസ്തകം 41 | ലക്കം 3 | 2013 സെപറ്റംബർ 1 |
|---|---|---|

**സ്മരണാഞ്ജലി**

## ദർശനം കുടുംബ സംഗമത്തിലേക്ക് സ്വാഗതം

സ്ഥലം : **എസ്.ഡി.വി.ഗവ.യു.പി.സ്കൂൾ, നീർക്കുന്നം.**
**സെപ്റ്റംബർ 18 ബുധനാഴ്ച - നാലാം ഓണം.**

**ദർശനത്തിന്റെ സ്നേഹാദരപ്രണാമം.**

എല്ലാവർക്കും ഈ ലോകം നന്നാകണമെന്ന ചിന്തയുണ്ട്. ശരി, നല്ലതുതന്നെ. പക്ഷെ അത് എവിടെയാണ് തുടങ്ങേണ്ടത്. ഇവിടെ ഞാനുമുണ്ട് ഈ ലോകവും ഉണ്ട്. ആദ്യം പരസ്പര സ്നേഹത്തോടെ ഇവിടെ ജീവിതം ആരംഭിക്കാം. എല്ലാ പ്രശ്ന ങ്ങളുടെയും അടിസ്ഥാനമായ ഞാൻ, എന്റെ എന്നീ കൂടുക ളിൽനിന്നും സ്വതന്ത്രാകാശത്തിലേക്ക് പരസ്പരാനന്ദത്തിന്റെ ചിറക് വീശി പറക്കുവാനാണ് ഇനി നാം ശ്രമിക്കേണ്ടത്. വല്ലപ്പോഴും നാമാ രാണ്, എന്താണ് നമ്മുടെ ജീവിതലക്ഷ്യം എന്നൊക്കെ ഒന്നോർക്കാ നാണ് ഇടയ്ക്കിടെ നാം ഒത്തുകൂടുന്നത്. വൃതാനുഷ്ടാനങ്ങളി ലൂടെ പരിശുദ്ധി നേടുവാനുള്ള റംസാൻ നോമ്പുകഴിഞ്ഞ്, സ്വാത ന്ത്ര്യദിനവും ആഘോഷിച്ച് നാമിതാ ഓണത്തെ വരവേൽക്കുന്നു. നാലാം ഓണത്തിനാണ് കുറുപ്പുസാറിന്റെ ഒമ്പതാം സ്മരണാഞ്ജ ലി. കഴിയുന്നതും കുടുംബസമേതം എത്തുക. തമ്മിൽ കണ്ട് പരി ചയങ്ങൾ പുതുക്കി ദർശനം ആശയ ഗംഗയിൽ ഒന്നു നീരാടാം. നാം മൈത്രീഭാവനയും മാനുഷിക ധ്യാനവുമൊക്കെ പഠിച്ചിട്ടുള്ള വരാണ്. ദർശനവും പുസ്തകങ്ങളും ഒക്കെ വായിച്ചിട്ടുണ്ട്. കൂടെ

കുറേക്കാലം നടന്നിട്ടുണ്ടാവാം. വഴിക്ക് സാറിന്റെ സഞ്ചിയിൽ കരുതിയിരുന്ന മുളപ്പിച്ച കപ്പലണ്ടിയും തിന്നുകാണും. എല്ലാം നല്ലതിനുതന്നെ. എന്നാൽ നടപ്പു നിർത്താറായോ? നാം നേടിയ അറിവുകൾ നമ്മുടെ ബോധലത്തിൽ എത്തിയിട്ടുണ്ടോ? അത് ജീവിതമായിട്ടുണ്ടോ? ആരെ കാണുമ്പോഴും അതെന്റെ സഹോദരിയോ സഹോദരനോ ആണെന്ന ബോധതലത്തിലേക്ക് ഉയരാനാവുന്നുണ്ടോ? വേണ്ടപ്പെട്ടവരോടുപോലും നമ്മുടെ പെരുമാറ്റം എങ്ങനെ? വേണ്ടപ്പെടാത്തവരായി ആരാനുമുണ്ടോ? മനസ്സ് മൈത്രീ ഭാവനയിൽ പ്രതിഷ്ഠ നേടുംവരെ പരിശ്രമം അനിവാര്യമാണ്. നമ്മുടെ സമസ്തദുരിതങ്ങൾക്കും കാരണമായ മനസ്സിന്റെ താണ തല ചിന്തകളിൽ നിന്നും അവനെ ഉണർത്തി വിടർത്തി കരുണാർദ്ര മാക്കി ചുറ്റവട്ടത്തേക്ക് പ്രസരിപ്പിക്കുമ്പോഴാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നത്. അതുവരെ നാം അന്ധകാരത്തിലാണ്. ദുർവാസനകൾ നിറഞ്ഞ മനസ്സിന്റെ അടിമയാണ്. അഹങ്കാരത്തിന്റെ തോട് പൊട്ടി മൈത്രീഭാവന വിടരുമ്പോൾ മനോമാലിന്യങ്ങൾ എരിഞ്ഞടങ്ങും, നാം സ്വതന്ത്രരാകും. സ്വാതന്ത്ര്യം തന്നെ അമൃതം. അതുതന്നെ പരസ്പരാനന്ദം.

മേളയിൽ പങ്കെടുക്കുന്നവർ സ്വയം പരിചയപ്പെട്ടും അഭിപ്രായങ്ങൾ പങ്കുവച്ചും പാട്ടുപാടിയും ഒന്നിച്ചു ഭക്ഷിച്ചും മാനുഷികധ്യാനത്തിലൂടെയും മറ്റും മൈത്രീഭാവനയിലാകുക. അതിനുള്ള ഒരന്തരീക്ഷ സൃഷ്ടിക്ക് മാത്രമാണ് ദർശനം ശ്രമിക്കുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ അയൽക്കൂട്ടങ്ങളുടെ രചനയ്ക്കോ മറ്റ് സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുവാനോ ദർശനത്തിന് കഴിയുന്നില്ല. മൈത്രീഭാവനയും മാനുഷികധ്യാനവും എല്ലാവരും പരിശീലിക്കണമേ എന്ന് അപേക്ഷിക്കുക മാത്രം ചെയ്യുന്നു. എല്ലാവരും നന്നായതിനുശേഷം സ്വസ്ഥജീവിതം ആകാമെന്നു കരുതിയാൽ അത് നടക്കുന്ന കാര്യമല്ല. നന്മ തിന്മകളുടെ ബോധപൂർവ്വമായ കൂട്ടിനെയ്ത്താണ് ജീവിതം. അത് പഠിക്കണമല്ലോ. ഓണത്തിനാണ് മഹാബലി വരിക. പക്ഷേ, നമുക്ക് ഇപ്പോൾതന്നെ നമ്മുടെ മനസ്സിൽ ഒരു "മഹാബലി" നടത്താവുന്നതാണ്. നാം തമ്മിൽ സ്നേഹിക്കുന്നതിന് തടസ്സമായി നിൽക്കുന്ന സ്വാർത്ഥത, ഭയം, അഹങ്കാരം എന്നീ ദുർഗുണങ്ങളുടെ ബലി നടത്തുക. അപ്പോൾ പിന്നെ ആണ്ടിലൊരിക്കലല്ല എന്നും തിരുവോണം ആഘോഷിക്കാം.

പ്രിയമുള്ളവരേ, മേളയ്ക്ക് വരുന്നവർ അറിയിക്കുക. കഴി

യുന്നതും രാവിലെ നീർക്കുന്നം ധന്യയിലെത്തുക. വാഹനത്തിൽ വരുന്നവർക്ക് റോഡ് സൈഡിലെ ഗേറ്റുകടന്ന് വന്ന് വണ്ടി പാർക്ക് ചെയ്യാം. വടക്കേ റോഡിലൂടെയും വരാം. രാവിലെ എല്ലാവരും തമ്മിൽ കണ്ട് പരിചയപ്പെട്ട് ഒന്നിച്ച് പ്രഭാതഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് നടക്കാം. അന്നു പകൽ മുഴുവൻ നാമൊന്നിച്ച് പലതും പഠിച്ച് ഒരു കുടുംബമായി കഴിയുന്നു. ഈ മേളയിൽ പ്രത്യേക സമയ ക്ലിപ്തതയോ പ്രഭാഷണ പരമ്പരയോ ഒന്നും ഉദ്ദേശിച്ചിട്ടില്ല. അതിനാൽ ഒന്നിനും തിരക്കു കൂട്ടേണ്ട. പിന്നെ എന്തിനാണീ സംഗമം. ഒരു സന്തോഷത്തിന് പരസ്പരാനന്ദത്തിന് അത് എങ്ങനെ നേടി എടുക്കാം. വ്യക്തമായ ഉത്തരമൊന്നുമില്ല. നമുക്ക് ശ്രമിക്കാം.

ഈ ഭൂമി അതിസുന്ദരമാണ്. കോടാനുകോടി ജീവജാലങ്ങളും അവയുടെ ആവാസ വ്യവസ്ഥയും ഈ വിശ്വപ്രകൃതി ഇവിടെ ഒരുക്കിയിട്ടുണ്ട്. ആ വ്യവസ്ഥയാണ് നാമിന്ന് നശിപ്പിച്ച് നരകമാക്കിക്കൊണ്ടിരിക്കുന്നത്. ഭൂമിയോടിണങ്ങി ജീവിച്ചാൽ ഭൂമി സ്വർഗ്ഗമാകും. എന്നാൽ നാമിന്ന് പൊന്മുട്ടയിടുന്ന താറാവിന്റെ വയറുകീറുവന്നതുപോലെ വിനാശത്തിന്റെ വഴിയെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നൊരു മാറ്റം ഓരോ വ്യക്തിമനസ്സിലും ഉടനെ ആരംഭിക്കേണ്ടതാണ്. നാം മാറിയില്ലെങ്കിൽ ലോകവും മാറുകയില്ല. ലോകപ്രശ്നങ്ങളുടെ വേരുകൾ കുരുങ്ങിക്കിടക്കുന്നത് സ്വന്തം മനസ്സിലാണെന്ന് കുറുപ്പുസാർ എന്നേ കണ്ടെത്തിയിട്ടുണ്ട്. ലോകസമാധാനത്തിന്റെ താക്കോലും നമ്മുടെ കൈകളിൽതന്നെ. എല്ലാവരേയും വേണ്ടപ്പെട്ടവരെന്നു കരുതി കഴിയുന്ന സേവനങ്ങൾ ചെയ്യുമ്പോഴാണ് മനസ്സിന്റെ കുരുക്കുകളഴിഞ്ഞ് നാം സംസ്കൃതിയിലേക്കുയരുന്നത്. പിന്നെ ഒന്നും ഭയപ്പെടാനില്ല. ഈ പ്രകൃതി തന്നെ നമ്മെ സംരക്ഷിച്ചുകൊള്ളും. സംശയമുണ്ടോ? നമുക്ക് കുറുപ്പുസാറിന്റെ ഒരു ലേഖനം വായിക്കാം.

സുഹൃത്തേ, എന്റെ ആത്മമിത്രമേ, കണ്ണു തുറക്കൂ. നാം ബന്ധുക്കളാണെന്നു തിരിച്ചറിയൂ. എറിഞ്ഞു തോൽപ്പിച്ചാഹ്ളാദിക്കുന്ന പൈശാചികത നമുക്കിരുകൂട്ടർക്കും ഉപേക്ഷിക്കാം. പരസ്പരാശ്ലേഷത്തിൽ ആനന്ദിക്കുന്ന മാനുഷികത സ്വീകരിക്കാം. നമുക്ക് മനുഷ്യരാകാം. ഒരു കുടുംബക്കാരാകാം. വിശ്വമഹാകുടുംബത്തിൽപെട്ടവരാണ് ഞാനും താനും. ഭൂമിക്കാരാണ് നാം. ഇടയ്ക്ക് ഒന്നു പിണങ്ങിയാലും ഇണങ്ങുന്നവരാവണം നാം.

ഈ ഒരു ചിന്താധാരയിൽ ലോകം കുളിരണിയണം. ഇപ്പോൾ ഈ നിമിഷം തന്നെ തുടങ്ങേണ്ട പരിശീലനമാണിത്. ജനങ്ങളുടെ

ഇടയിൽ സ്വാധീനത ഉള്ള ജനനേതാക്കൻമാരും, രാഷ്ട്ര ത്തലവൻമാരും, ഐക്യരാഷ്ട്രസഭയും സകല അദ്ധ്യാപകരും എല്ലാവരും ധരിക്കേണ്ട കാര്യം ലോകത്തിനടിയന്തിരമായിട്ടുള്ള ആവശ്യം പരസ്പരാർദ്രത ഓരോരുത്തരുടേയും ഉള്ളിൽ ഉറവാകണം എന്നതു തന്നെയാണ്. നമ്മൾ ഇപ്പോൾ 120 കോടി വീട്ടുകാരുണ്ട് എന്ന ധാരണ ഓരോ മനസ്സിലും ഉണരണം. ഹിന്ദുക്ക ളുമായി ഒന്നിച്ചല്ലാതെ ഈ ഭൂമിയിൽ ഞങ്ങൾക്കു മാത്രമായി ഒന്നും നേടാനില്ലെന്ന് മുസ്ലീങ്ങൾ കരുതണം. എല്ലാവരോടും ഒന്നിച്ച ല്ലാത്ത ഒരു നേട്ടവും പ്രത്യേകതയും ശ്രേഷ്ഠതയും എനിക്ക് വേണ്ടെന്ന് ഓരോരുത്തരും കരുതണം. ഹിന്ദുക്കളോ, ക്രിസ്ത്യാനി കളോ, യഹൂദരോ, മുസ്ലീങ്ങളോ ആരായിരുന്നാലും നാം ഓരോ വ്യക്തികളാണല്ലോ. ഓരോരുത്തരുമാണ് കരുതേണ്ടത്. കരുതാൻ മതത്തിനു കഴിയില്ല, വ്യക്തിക്കേ കഴിയൂ. എന്നാൽ വ്യക്തികളേ ജന്മനാ തന്നെ മതക്കാരായും ജാതിക്കാരായും ദേശക്കാരായും ഭാഷക്കാരായും മറ്റും വേർതിരിച്ചു നിർത്താൻ നമുക്കിന്ന് കഴിഞ്ഞി രിക്കുന്നു. ഇനി എന്താ ചെയ്യുക.

എന്റെ വിചാരം ഇപ്പോൾ എങ്ങനെയോ അങ്ങിനെ തന്നെ ഇരിക്കട്ടെ എന്നാണ്. പുലയർ പുലയരായും, ബ്രാഹ്മണർ ബ്രാഹ്മ ണരായും, ഷിയാ, സുന്നി കത്തോലിക്കർ, മാർത്തോമ്മാക്കാർ എല്ലാം അങ്ങിനെ തന്നെ തുടർന്നുകൊള്ളട്ടെ. മോഷ്ടാവും, ചൂഷകനും ഭീകരനും സ്വാർത്ഥനും ഉണ്ടായിരിക്കട്ടെ. ആരേയും തിരുത്താനും മാറ്റാനും ശ്രമിക്കാതിരിക്കുക. എന്നിട്ടോ മറ്റൊരു പരിശീലനം സാവധാനം തുടങ്ങണം. ആർക്കും തുടങ്ങാവുന്ന ഒരു പരിശീലനമാണ് ദർശനം മുന്നോട്ടുവെയ്ക്കുന്നത്. മുൻപെത്രയോ തവണ പറഞ്ഞതു തന്നെ വീണ്ടും പറയട്ടെ. എന്റെ കബീർ, എന്റെ ജോസഫ്, എന്റെ കൃഷ്ണൻ, എന്റെ കുടുംബക്കാർ എന്നിങ്ങനെ എല്ലാറ്റിനോടും എന്റെ എന്ന ഭാവം ചേർക്കാനാവാത്ത ഒരു വിഭാഗവും ഉണ്ടാവരുത്. എനിക്ക് കയറാൻ കഴിയുന്നില്ലെങ്കിലും ഈ ക്ഷേത്രം എന്റേയും കൂടിയാണെന്നു വിചാരിച്ചു തുടങ്ങണം. പാകിസ്ഥാനിലേയ്ക്ക് എനിക്ക് കയറിക്കൂടെങ്കിലും പാകിസ്ഥാൻ എന്റേയും കൂടി ആണ്. എന്റെ ഭൂമിയാണിത്. എന്റെ വീട്ടുമറ്റത്തു നിൽക്കുന്ന ഒരു മാവിൽ എനിക്ക് കയറാനാവാത്തതുകൊണ്ട് അതെന്റേതാവാതിരിക്കുന്നില്ലല്ലോ. സകല പാർട്ടിക്കാരും, സകല രാഷ്ട്രക്കാരും, സകല ജാതി മതസ്ഥരും എനിക്കുള്ളവർ. ഈ അനന്യഭാവം വളർത്തി എടുക്കാൻ ജാതി വ്യവസ്ഥ ഇല്ലാതാക്ക

ണമെന്നില്ല. എന്നെ വെറുക്കുന്നവർ എന്നോടിണക്കമായാലേ എന്റേതാകൂ എന്നില്ല. എന്നെ അപമാനിച്ചുകൊണ്ടിരിക്കുന്ന എന്റെ മിത്രം, ലഹരിപ്രിയനായ എന്റെ ബന്ധു എന്നിങ്ങനെ വിചാരിച്ചു ശീലിക്കണം. എന്റെ കൈ എത്തുന്നില്ലെന്നതുകൊണ്ട് എന്റെ പുറം എന്റേതാകാതിരിക്കുന്നില്ല. എന്റെ ചുണ്ടിൽ കുട്ടിക്കടിക്കുന്ന എന്റെ പല്ല് എന്റേതുതന്നെ. ശക്തമായ വയറ്റിനു വേദനയും തലവേദനയും വരുമ്പോഴും വയറും തലയും അന്യമാകുന്നില്ലല്ലോ. എന്റെ അതിരുമാന്തുന്ന എന്റെ അയൽക്കാരൻ എന്നു വിചാരിക്കാൻ പരിശീലിക്കണം. അതാണ് മനുഷ്യവർഗ്ഗത്തിന്റെ സ്വസ്ഥതയ്ക്ക് ഇനി ആവശ്യമായ പരിശീലനം. അനുകൂലമാക്കാൻ കാത്തിരിക്കാതെ ബന്ധുവാക്കുവാൻ പരിശീലനം തുടങ്ങാം ക്രമേണ നാം ഒന്നാകും; അന്യത്വം അലിഞ്ഞുപോകും.

എന്റെ ആരാധനാലയം തകർത്തു തരിപ്പണമാക്കിയവരുടെ നേരെ എനിക്ക് ഒടുങ്ങാത്ത പക തോന്നും. എന്റെ അമ്മ പെങ്ങന്മാരെ അതിക്രൂരമായി എന്റെ മുന്നിൽ വച്ച് അപമാനി ക്കുകയും ഒടുവിൽ വധിക്കുകയും ചെയ്യുന്നവരെ തലമുറ തലമുറ ആയി നശിപ്പിക്കാൻ എനിക്ക് തോന്നും. അങ്ങിനെ തോന്നുന്നവർക്ക് അത് ചെയ്യാതി രിക്കാൻ പറ്റില്ല. എന്നാൽ ഒരു കാര്യം അപ്പോഴും അവരും ധരിച്ചിരിക്കേണ്ടതായുണ്ട്. ഒരു പുതിയ ലോകരചനയുടെ ഭാഗമായി തീരില്ല ഈ പ്രതികാരങ്ങൾ. ആരാധനാലയങ്ങളും വീടുകളും നശിപ്പിക്കുന്നത് വിപ്ളവ പ്രവർത്തനമായി കരുതുന്നതാണ് കഷ്ടം. ഈശ്വരന്റെ പേരിലായാലും നവസമൂഹരചനയുടെ പേരിലായാലും ഈ ക്രൂരത ഈശ്വരീയമോ പരിവർത്തനാത്മകമോ ആവില്ല. ഇൻഡ്യ പാക്കിസ്ഥാനെ തോല്പിച്ച് ഇൻഡ്യയോടു ചേർത്താലോ മറിച്ചായാലോ അത് ഭൂതകാല പിടിച്ചടക്കലുകളുടെ ആവർത്തനമെ ന്നല്ലാതെ നവസമൂഹ ജീവിതരചനയുടെ ഭാഗമാകില്ലെന്നു തന്നെയല്ല, മനുഷ്യത്വത്തെ വീണ്ടും തൊഴിച്ച് പുറംതള്ളുക കൂടിയാവും.

നമുക്കെന്താണ് വേണ്ടത് ? പ്രതികാരം ചെയ്യുന്നതുകൊണ്ട് ഏതെങ്കിലും പ്രശ്നം പരിഹൃതമാകുമോ. ഭയപ്പെടുത്തി പ്രശ്നം ഒഴിവാക്കാനാകുമോ ? ഇല്ല. പിന്നെന്തുവേണം. സാമൂഹ്യ പരിവർ ത്തനം ആഗ്രഹിക്കുന്നവർ പ്രതികാരബദ്ധിയെ വിഴുങ്ങണം. അതിനുള്ള പരിശീലനമാണ് നമുക്കിനി വേണ്ടത്. ആ പരിശീല നമാണ് പുതിയ ലോകത്തെപ്പറ്റിയുള്ള സ്വപ്നം ഉള്ളിൽ ഉജ്വലമാ ക്കുക എന്നത്. ഭരണകൂടങ്ങളും, നാണയങ്ങളും, അതിരുകളും,

അകലങ്ങളുമില്ലാത്ത ഒരു നവലോകം നമ്മുടെ ഒരോരുത്തരുടെയും സ്വപ്നമാക്കണം. അതിന്റെ സാക്ഷാത്കാരത്തിനുള്ള നിരന്തര പരിശ്രമമാകണം നമ്മുടെ ജീവിതം. അതിനൊന്നാമതായി വേണ്ടത് നമുക്കുപകാരമില്ലെന്നു തോന്നുന്നവർ നമ്മുടെ സൗകര്യങ്ങളെ പങ്കിടാൻ വരുമ്പോഴത്തെ അസഹ്യതയെ അതിജീവിക്കലാണ്. ഉള്ളിൽ വെറുപ്പു തോന്നുന്നവരോട് സഹകരിക്കുവാൻ ശീലിക്കലാണ്. പങ്കിടാൻ തോന്നാത്തവ പങ്കിടാൻ ശീലിക്കണം. കയറാത്ത വീടുകളിൽ കയറണം. മിണ്ടാത്തവരോടു മിണ്ടണം. ഉയർന്ന സ്വപ്നങ്ങൾ പങ്കിടാൻ ധാരാളം സന്ദർഭങ്ങൾ കണ്ടെത്തണം.

ഭൂമി ആകെ ഒന്നു തളിർക്കേണ്ടിയിരിക്കുന്നു. തളിർക്കുന്നതിനനുസരിച്ച് വേണ്ടാത്ത ദളങ്ങൾ എല്ലാം കൊഴിഞ്ഞു പൊയ്ക്കൊള്ളും. സ്വയം തളിർക്കാൻ ഓരോരുത്തരും തയ്യാറാകണം. അതിനുള്ള സാമൂഹ്യ തുടക്ക സമയമാകട്ടെ അടുത്ത പ്രഭാതം.

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

**(ഭാഗം 11)**

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

സ്വകാര്യമാത്ര പരത എന്ന വാക്ക് അതിനുമുമ്പ് ആരെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. പകരം, സ്വാർത്ഥത എന്ന വാക്കായിരുന്നു എല്ലാവരും പൊതുവേ ഉപയോഗിച്ചുപോന്നത്. താൻ പുതുതായി കണ്ടെത്തിയ രോഗാണുവിന് ഏറ്റവും പറ്റിയ ഒരു പേരു കണ്ടെത്തി നൽകിയതായിരിക്കണം, അദ്ദേഹം. എന്തായാലും അദ്ദേഹത്തിന്റെ അയൽക്കൂട്ട സമൂഹദർശനത്തെ സംബന്ധിച്ച് മർമ്മപ്രധാനമായ ഒരു വാക്കാണിത്. അത്തരം മറ്റൊരു വാക്ക് പരാർത്ഥതയാണ്. സ്വാർത്ഥത കെട്ടിക്കിടന്ന് മനസ്സ് വികൃതിയിലേക്കു താഴുന്നതു സ്വകാര്യമാത്ര പരതയെങ്കിൽ, അതേ സ്വാർത്ഥതതന്നെ സമൂഹമെന്ന വലിയ സ്വാർത്ഥതയിലേക്ക്, സംസ്കൃതിയിലേക്ക് ഉയരുന്നതാണ് പരാർത്ഥത. ഇന്നു ലോകം നേരിടുന്ന പ്രതിസന്ധി ഗ്രഹിക്കാൻ, സ്വകാര്യമാത്രപരത എന്ന വാക്കിന്റെ അർത്ഥം ഗ്രഹിച്ച് ചുറ്റുമൊന്നു നോക്കിയാൽ മതിയാകും. അതുപോലെതന്നെ, പങ്കജാക്ഷൻസാർ വിഭാവനം ചെയ്യുന്ന പുതിയ ലോകത്തെ കാണാനും അങ്ങോട്ടേക്കുള്ള നേർവഴി തെളി

ഞ്ഞുകിട്ടാനും പരാർത്ഥത എന്ന വാക്കിന്റെ അർത്ഥം ഉൾക്കൊണ്ടാൽ മാത്രം മതിയാകും. ഈ വാക്കുകൾ നൽകുന്ന ഉൾക്കാഴ്ചയെ, സ്വന്തം മനസ്സിന്റെ സാസ്കാരികമായ ഉയർച്ച താഴ്ചകൾ കണ്ടെത്താനുള്ള മാനദണ്ഡമായും ഉപയോഗിക്കാമെന്നു തോന്നുന്നു. കൂടാതെ ഓരോരുത്തരുടെയും മതവീക്ഷണങ്ങളെയും മൂല്യബോധത്തെയും പാപ-പുണ്യസങ്കല്പത്തെയുമൊക്കെ പുനപരിശോധിക്കാനും നവീകിക്കുവാനും ഈ ഉൾക്കാഴ്ച ഉതകുമെന്നാണെന്റെ വിചാരം.

വ്യക്തിപരമായി പറയട്ടെ, ഈ വാക്കുകളുടെ അർത്ഥം അല്പമെങ്കിലുമൊന്ന് ഉൾക്കൊള്ളാൻ കഴിഞ്ഞപ്പോഴാണ്, മതദർശനങ്ങളുടെയൊക്കെ സാരമെന്തെന്ന് എനിക്ക് മനസ്സിലായിത്തുടങ്ങിയത്. ക്രസ്ത്യാനിയായി ജനിച്ച എനിക്ക്, യേശു പറഞ്ഞതെന്തായിരുന്നുവെന്ന് ശരിക്കും മനസ്സിലാക്കിത്തന്നത്, തികച്ചും മാനുഷികവും സാമൂഹികവുമായ ഒരർത്ഥതലത്തിൽ പങ്കജാക്ഷൻസാർ പ്രയോഗിച്ച ഈ വാക്കുകളാണ്. പള്ളിയിലും പുരോഹിതരിലും അവരുടെ ദൈവശാസ്ത്രങ്ങളിലും അനുഷ്ഠാനങ്ങളിലുമൊന്നും ഒരർത്ഥവും കാണാൻ കഴിയാതിരുന്നതിനാൽ, അവയുടെയൊക്കെ തുടക്കക്കാരനെന്ന നിലയിൽ യേശുവിനെയും ഏതാണ്ട് നിരാകരിച്ചുപോരുകയായിരുന്നു ഞാൻ, അതുവരെ. തന്നെത്താൻ സ്നേഹിക്കുന്നതുപോലെ അപരനെയും സ്നേഹിക്കൂ; അങ്ങനെ ഈ ലോകത്തെ ഒരു ദൈവരാജ്യമാക്കി മാറ്റൂ' എന്നായിരുന്നു യേശുവിന്റെ ഉപദേശസാരം എന്നെനിക്കു മനസ്സിലാക്കിത്തന്നത്, "പുതിയ ലോകം പുതിയ വഴി'യും പ്രത്യേകിച്ച് അതിലെ ഈ വാക്കുകളുമായിരുന്നു. മതരൂപങ്ങളിൽനിന്നു മാറിനിന്നുകൊണ്ട് മതദർശനങ്ങളെ നോക്കിക്കാണാനും ഗ്രഹിക്കാനുമുള്ള കഴിവ്, ഏതു മതസ്ഥർക്കും എക്കാലവും ഈ വാക്കുകൾ പ്രദാനം ചെയ്യുമെന്നാണ് ഞാൻ വിചാരിക്കുന്നത്. മതപരമായ ഒരു വാക്കുപോലും ഉപയോഗിക്കാതെയാണ് അദ്ദേഹമിത് സാധിച്ചിരിക്കുന്നതെന്നോർക്കുക.

മതം, ആദ്ധ്യാത്മികത മുതലായ വാക്കുകൾക്കെല്ലാം അർത്ഥലോപംവരുകയും, തലകീഴായി മാത്രം മനസ്സിലാക്കപ്പെടുകയും അനുഷ്ഠിക്കപ്പെടുകയും ചെയ്യുമ്പോൾ മഹാമനീഷികൾ എന്തു ചെയ്യും? അവർ ഒന്നുകിൽ, ശരിയായ അർത്ഥവ്യാഖ്യാനം നടത്തി, വെളിച്ചം പകരാൻ ശ്രമിക്കും. അല്ലെങ്കിൽ, ആ വാക്കുകൾ തന്നെ ഉപേക്ഷിച്ച് പുതിയ വാക്കുകൾക്ക് രൂപം കൊടുക്കും. പങ്കജാക്ഷക്കുറുപ്പ് എന്ന മഹാനുഭാവൻ ഇതിൽ രണ്ടാമത്തെ മാർഗ്ഗമാണ്

സ്വീകരിച്ചത്. ആചാരാനുഷ്ഠാനങ്ങളൊന്നും നേർച്ച-കാഴ്ചകളെന്നും തീർത്ഥാടനങ്ങളെന്നും കൂട്ടപ്രാർത്ഥനയെന്നുമൊക്കെ അർത്ഥം വികൃതമായിപ്പോയ മതത്തിന്റെ അമൂർത്ത പദാവലികൾക്കു പകരം, മൂർത്തവും ജീവിതബന്ധിയുമായ പദങ്ങൾ മനസ്സിൽ സ്ഫുടംചെയ്ത്, പുതിയ കാലത്തിനുവേണ്ടി രൂപപ്പെടുത്തിയെടുക്കുകയാണ് പങ്കജാക്ഷൻസാർ ചെയ്തത്.

ചുരുക്കത്തിൽ, 'സ്വകാര്യമാത്രപരത' 'പരാർത്ഥത' എന്നീ വാക്കുകൾ പങ്കജാക്ഷൻസാറിന്റെ അയൽക്കൂട്ട സമൂഹദർശനത്തിന്റെ ആണികല്ലുകളാണ്, താക്കോൽ വാക്കുകളാണ്. സ്വന്തം മനസ്സിന്റെയും ലോകത്തിന്റെയും ഗതിനിരീക്ഷിക്കാനും വിലയിരുത്താനും, ആ ഗതിയെ മാറ്റിമറിക്കാനും ഉൾക്കാഴ്ച നൽകുന്ന വാക്കുകൾ.

ജോർജ് മൂലേച്ചാലിൽ
9497088904

## ഭൂമിയിൽ പ്രകാശം പരത്തുവാൻ ശ്രമിച്ച മഹാത്മാവ്

എനിക്ക് ലേഖനം എഴുതുവാൻ അല്പംപോലും വശമില്ല. എന്നാൽ കുറുപ്പുസാറിന്റെ സ്മരണകൾ കൂടെനടന്ന് പഠിച്ച കാര്യങ്ങൾ ഒക്കെ ഞാൻ നിധിപോലെ ഓർമ്മയിൽ സൂക്ഷിക്കുന്നു. ജോലി സൗദിയിൽ ആയതിനാൽ യോഗങ്ങൾക്കും പങ്കെടുക്കാനാകുന്നില്ല. ദർശനം വല്ലപ്പോഴും കിട്ടാറുണ്ട്. എന്റെ മനസ്സിൽ പതിഞ്ഞിട്ടുള്ള സാറുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഒന്ന് എഴുതണമെന്ന് തോന്നി.

ദർശനത്തിന്റെ ഒരു യോഗം. പല ജില്ലകളിൽ നിന്നുള്ളവരാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. കോട്ടയത്തുനിന്നുള്ള ഒരു പ്രതിനിധി എന്തുകൊണ്ടാണ് ലോകം ശ്രദ്ധിക്കുന്ന സാറിന്റ ഈ ആശയം സ്വന്തം നാടായ കഞ്ഞിപ്പാടത്ത് ശ്രദ്ധിക്കപ്പെടാതെ പരാജയപ്പെടുവാൻ കാരണം എന്ന് ചോദിച്ചു. ഞാനാണ് അതിന് ഉത്തരം പറഞ്ഞത്. കഞ്ഞിപ്പാടം മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്രമാണ്. പാർട്ടിയുടെ സപ്പോർട്ടില്ലാതെ ഈ ആശയം ഇവിടെ മുളയ്ക്കുകയില്ല. കമ്യൂണിസവുമായി ബന്ധമുള്ള ഈ പ്രവർത്തനം വിജയിച്ചാൽ പാർട്ടി ചെറുതായി പോകുമോ എന്ന സംശയംകൊണ്ടാണ് പാർട്ടി ഇതിനെ എതിർക്കുന്നത്. ഞാൻ പറഞ്ഞു തീർന്നപ്പോൾ എന്നെ തിരുത്തിക്കൊണ്ട് സാർ ഈ വിഷയത്തിൽ ഒരു വിശദീകരണം നടത്തി. "നാം എപ്പോഴും മറ്റുള്ളവരുടെ നന്മ കാണാനാണ് ശ്രമി

ക്കേണ്ടത്. നമ്മൾ പറയുന്നതൊക്കെ മറ്റുള്ളവർ അംഗീകരിക്കണമെന്ന് ശഠിക്കുന്നത് ശരിയല്ല. ഓരോരുത്തർക്കും അവരവരുടേതായ അഭിപ്രായങ്ങളുണ്ട്, സ്വാതന്ത്ര്യമുണ്ട്. നമുക്ക് ശരിയെന്നു തോന്നുന്ന വഴിയേ നമുക്ക് യാത്ര ചെയ്യാം. മറ്റുള്ളവരേയും ക്ഷണിക്കാം. അതാണ് അതിർത്തി. അതിനപ്പുറം കടന്ന് അവരെ കുറ്റപ്പെടുത്തേണ്ടതില്ല. സാമൂഹ്യ പരിവർത്തനത്തിന് ശ്രമിക്കുന്നവർ എതിർപ്പുകളെ ഭയപ്പെടാതെ സ്വയം മാറുന്നതിലാണ് ശ്രദ്ധിക്കേണ്ടത്. തെറ്റുകാണാൻ ശ്രമിച്ചാൽ നമുക്കും തെറ്റുപറ്റും. പ്രദീപ് ഇത് കേട്ടോളൂ". സാർ തുടർന്ന് ഒരനുഭവം പറഞ്ഞു. അത് ഇതാണ് – ദർശനത്തിന്റെ ഒരു പ്രവർത്തന വാചകം എഴുതിയ പോസ്റ്ററുമായി സാർ തൈക്കൂട്ടം ജംഗ്ഷനിലെത്തി. അത് ആളുകൾ ശ്രദ്ധിക്കുന്ന രീതിയിൽ പതിക്കാറുള്ള സ്ഥലം പാർട്ടി പോസ്റ്ററുകളും ബോർഡുകളും കയ്യടക്കിയിരുന്നു. അതിനാൽ അത്രകണ്ട് ശ്രദ്ധിക്കപ്പെടാത്ത ഒരു ഭിത്തിയിൽപോസ്റ്റർ പതിച്ചിട്ട് സാർ തിരിഞ്ഞു നടക്കുമ്പോൾ ഡി.വൈ.എഫ്.ഐ.യുടെ സെക്രട്ടറി ഉണ്ണികൃഷ്ണൻ ആ പോസ്റ്റർ അടർത്തി കയ്യിലെടുത്തു. പുഞ്ചിരിയോടെ സാർ അത് നോക്കിനിന്നു. മറ്റുള്ളവർ ആകാംക്ഷയോടെയും. ഉണ്ണികൃഷ്ണൻ എടുത്ത പോസ്റ്റർ ഡി.വൈ.എഫ്.ഐ.യുടെ വാർത്താ ബോർഡിൽ തന്നെ പതിക്കുന്നു. സാർ നടന്നുനീങ്ങി. ആകാംക്ഷയോടെ നിന്നവർ ആശ്വസിച്ചു. (സാറിന്റെ ചിരിയുടെ അർത്ഥം ഇന്നും എനിക്ക് മനസ്സിലായിട്ടില്ല). ഉണ്ണികൃഷ്ണന് ദർശനത്തിന്റെ ലക്ഷ്യം മനസ്സിലായി. പലർക്കും അതിന് സമയമെടുക്കും. അതുവരെ നാം പ്രവർത്തിച്ചുകൊണ്ടിരിക്കണം. കഞ്ഞിപ്പാടത്ത് ഇത് പരാജയപ്പെട്ടെന്നോ വിജയിച്ചെന്നോ വിധിയെഴുതുവാൻ നാം ആരാണ്. നാം നമ്മുടെ പണിചെയ്താൽ മതി. കാലം എല്ലാ കർമ്മങ്ങളുടെയും ഫലങ്ങളെ സുരക്ഷിതമായി തെറുത്തു വച്ചിട്ടുണ്ട്. വേണ്ട സമയത്ത് അവയെ കിളിർപ്പിക്കും. മഴത്തുള്ളി സമുദ്രത്തിലെത്താൻ കഴിയുമോ എന്നു ഭയന്ന് പെയ്യാൻ മടിച്ചാൽ പുഴ ഉണ്ടാകുകയില്ല. ധൈര്യമായി പെയ്യുക. യഥാകാലം അത് സമുദ്രത്തിലെത്തും. സാർ പറഞ്ഞുനിർത്തി. ഞാൻ നെഗറ്റീവായ ചിന്തകൾ കൊണ്ടാണ് ചോദ്യത്തിന് മറുപടി പറയാൻ ശ്രമിച്ചത്. എനിക്ക് തെറ്റുപറ്റി. നോക്കൂ, സാറത് എത്ര സുന്ദരമാക്കി. ഞങ്ങൾ രാത്രിയിൽ സർഗവേദിയിൽ നടത്തിയ ചർച്ചകൾ, കൂടെ നടന്നപ്പോഴുള്ള അനുഭവങ്ങൾ ഒക്കെ മനസ്സിൽ വിരിഞ്ഞുനിൽക്കുന്നു. എഴുതി നോക്കട്ടെ.

**പ്രദീപൻ, സൗദി അറേബ്യ.**

## കത്തുകൾ ✉ 1

ദർശനത്തിന്റെ അഭ്യുദയകാംക്ഷിയായ ശ്രീ.വേണു കുറുപ്പുസാറിന്റെ സന്ദേശപ്രചരണത്തിനായി ഒരു ശ്രമം നടത്തുന്നു. അതെന്താണെന്ന് നോക്കാം.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകൾക്ക്,

അമ്പലപ്പുഴ കാക്കാഴം കക്കാട്ടുവീട്ടിൽ കെ.സി.വേണുഗോപാൽ സമർപ്പിക്കുന്ന അപേക്ഷ.

സർ, ഒരു പ്രധാന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടിയാണ് ഈ കത്ത് എഴുതുന്നത്. സർ, ഇന്നു വളരെ പന്തലിച്ചിരിക്കുന്ന "അയൽക്കൂട്ടം" ആശയം വർഷങ്ങൾക്കു മുമ്പ് അമ്പലപ്പുഴയിലെ കഞ്ഞിപ്പാടം എന്ന ഗ്രാമത്തിലെ മൺമറഞ്ഞുപോയ ഗാന്ധിയനായ ശ്രീമാൻ ഡി.പങ്കജാക്ഷക്കുറുപ്പ് എന്ന മഹാ വ്യക്തിയിൽനിന്നും ഉണ്ടായതാണ്. അയലത്തുകാർ ഒന്നിച്ചിരുന്ന് അവരവരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലളിതവും എന്നാൽ വിശാലവുമായ കാഴ്ചപ്പാടോടെയാണ് അദ്ദേഹം അതിന് തുടക്കമിട്ടത്. അങ്ങനെ തുടങ്ങിവച്ച കുടുംബയോഗങ്ങൾ വളർന്ന് അമ്പലപ്പുഴയുടെ മറ്റ് ഭാഗങ്ങളിലേക്കും വ്യാപിച്ചു. ഈ അയൽക്കൂട്ട സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി ദർശനം എന്ന പേരിൽ ഒരു പത്രവും അദ്ദേഹം നടത്തി. ഈ അയൽക്കൂട്ട സന്ദേശം അമ്പലപ്പുഴ വിട്ട് അങ്ങ് ഡൽഹിയിൽ അന്നത്തെ ബഹു. പ്രധാനമന്ത്രിയിൽവരെ ചെന്നെത്തിയതായി ഗാന്ധിഭവന്റെ ഇപ്പോഴത്തെ അദ്ധ്യക്ഷനായ ഡോ.രാധാകൃഷ്ണൻജി ഗാന്ധിഭവനിൽ നടന്ന ഒരു ചടങ്ങിൽ പ്രസംഗിച്ചത് ഞാൻ നേരിൽ കേട്ടിട്ടുണ്ട്.

സർ, അയൽക്കൂട്ടം ഇന്ന് വളർന്ന് കുടുംബശ്രീയായി കേരളമങ്ങോളമിങ്ങോളം വ്യാപിച്ചിരിക്കുകയാണ്. മാത്രമല്ല. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ കൂടി ശ്രദ്ധിക്കപ്പെടുന്നുണ്ട്. ഈ അവസരത്തിൽ നാം തീർച്ചയായും കുറുപ്പുസാറിനെ സ്മരിക്കേണ്ടതാണ്. ആയതിനാൽ ഒരു ചെറിയ അപേക്ഷ അങ്ങയുടെ മുന്നിൽ സമർപ്പിക്കുന്നു. ഔദ്യോഗികമായി കുടുംബശ്രീയുടെ രേഖകളിൽ അതിന്റെ ഉപജ്ഞാതാവായി പങ്കജാക്ഷക്കുറുപ്പിന്റെ പേർ രേഖപ്പെടുത്തുക. അയൽക്കൂട്ട രൂപീകരണത്തിന്റെ തത്വശാസ്ത്രങ്ങളായ ഇദ്ദേഹത്തിന്റെ കൃതികൾ പാഠ്യവിഷയങ്ങളാക്കുക. അതിലൂടെ പുതിയ

തലമുറയ്ക്ക് സുസ്ഥിരമായ ഒരു സാമൂഹ്യ ജീവിതത്തിനുള്ള അടിത്തറയുണ്ടാകും. ഒരു പുരുഷായുസ്സു മുഴുവൻ ജനങ്ങൾക്കുവേണ്ടി നിസ്വാർത്ഥമായി പ്രയത്നിച്ച ആപുണ്യാത്മാവിന് പ്രണാമം അർപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ ഇത്രയുമെങ്കിലും ചെയ്യണമേ എന്ന് അപേക്ഷിച്ചുകൊണ്ട്,

സ്നേഹാദരപൂർവ്വം,

കെ.സി.വേണുഗോപാൽ
9447793362

## 2

താങ്കൾക്കും കുടുംബത്തിനും ക്ഷേമംതന്നെയല്ലേ എന്നു ചോദിക്കുന്നത് ശരിയോ? ദർശനം ഒരു വലിയ കുടുംബമല്ലേ. അതിലെ അംഗമല്ലേ ഞാനും. 'നമുക്കെല്ലാം ക്ഷേമമാണ്... അതാണ് സത്യം.

2013 ജൂൺ ലക്കം ദർശനം കിട്ടിയ സന്തോഷത്തിലാണ് ഈ കത്തെഴുതുന്നത്. ആകാശവാണിയിലൂടെ ഈയിടെ ഒരു പുല്ലാങ്കുഴൽ നാദം കേൾക്കുന്നു. ആദായ നികുതി അടച്ചവരുടെ മനസ്സിന്റെ പാട്ടായി അതു കേൾക്കുന്നു. കാട്ടിലെ പാഴ്മുളം തണ്ടിൽനിന്നും പാട്ടിന്റെ പാലാഴി തീർത്ത് ദർശനം അതിലേറെ സന്തോഷം നൽകുന്നു. ശ്രീ. ഗിരിജൻ യാത്രയെ കുറിച്ച് അറിയിച്ചിരുന്നു. ആഗ്രഹമുണ്ടായിരുന്നെങ്കിലും ഔദ്യോഗിക കൃത്യങ്ങളിൽ മുഴുകിയ നാളുകളായിരുന്നതിനാൽ ഗിരിജന്റെ അഭ്യർത്ഥന സ്വീകരിക്കാൻ കഴിഞ്ഞില്ല. അവനവന്റെ ധർമ്മം കൃത്യമായി നടത്തുന്നതാണ് പ്രഥമവും പ്രധാനവുമായ ധർമ്മം എന്നു കരുതുന്നു. ദർശനം കുടുംബത്തിലെ 52 അംഗങ്ങൾ ആ രണ്ടു ദിവസങ്ങളിൽ ശാന്തിയും സമാധാനവും പരസ്പര സംസർഗ്ഗവും അനുഭവിച്ചല്ലോ, ധന്യം.

പത്രം നടത്തിപ്പോരുന്നതിന്റെ വിഷമങ്ങൾ സാറിൽനിന്നും നേരിട്ട് അറിഞ്ഞിട്ടുണ്ട്. എങ്കിലും സമൂഹ നന്മയെക്കരുതി തുടരണം. ശബരീശന്റെ സേവനം ഉപയോഗിച്ച് ദർശനം പതിപ്പുകൾ ഇ-മെയിലായി അയയ്ക്കരുതോ. സ്റ്റാമ്പ് വേണ്ട. തപാൽ ശിപായിക്ക് ദർശനം മാസികയുമായി എന്നെപ്പോലുള്ളവരുടെ വീട് തിരക്കി നടക്കുകയും വേണ്ട. ഒരു ചെറിയ തുക മടിശീലയിലേക്ക് തിരുവനന്തപുരത്തുനിന്ന് ഈ ദർശനം കുടുംബാംഗത്തിന്റേതായി അയയ്ക്കുന്നു. സത്യവും അഹിംസയും സ്നേഹവും ശാന്തിയും കുടും

ബങ്ങളിൽ നിറയട്ടെ. പരസ്പരാനന്ദ ജീവിതം ഉടലെടുക്കട്ടെ. എല്ലാ വായനക്കാർക്കും നമസ്കാരം.

**ഡോ.ശിവസുതൻ BSc. MD.**
Professor of Forensic Medicine & HOD Police Surgeon, Kottayam

# സ്വാതന്ത്ര്യദിനം

സുധീറും, അഷറഫും, ഷാജിയും മറ്റു സുഹൃത്തുക്കളും ഒക്കെയായി ആലോചിച്ച് സ്വാതന്ത്ര്യദിനത്തിന് നമ്മുടെ ഒരു യോഗം കടപ്പുറത്ത് നടത്തുവാൻ തീരുമാനിച്ചു. അവർ ഒന്നിച്ച് വിശേഷ ദിവസങ്ങളിൽ സാധുക്കളുടെ വീടുകളിൽ ഭക്ഷണപ്പൊതികളും വസ്ത്രവും മരുന്നുകളും എത്തിച്ചുകൊടുക്കുന്ന ഒരു പരിപാടി മൗനമായി നടത്തിവരുന്നുണ്ട്. കൂടാതെ മാതൃഭൂമിയുടെ സീഡ് പ്രോഗ്രാമുമായി സഹകരിച്ച് സ്കൂളുകളിൽനിന്നും പ്ലാസ്റ്റിക് സമാഹരിച്ച് നിർമ്മാർജനം ചെയ്യുന്ന ഒരു പരിപാടിയും ആവിഷ്കരിച്ചു വരുന്നു. കർക്കിടകമാസത്തിൽ ദർശനത്തിന്റെ ഒരു യോഗംപോലും നടക്കാതിരുന്നപ്പോഴാണ് അഷറഫിന്റെ ഈ അറിയിപ്പ് വന്നത്. അതിന് നല്ല പ്രതികരണവും ഉണ്ടായി. ഞങ്ങൾ 35 പേർ വൈകിട്ട് കടപ്പുറത്ത് ഒത്തുകൂടി. ഇപ്പോൾ നടത്തിവരുന്ന ആതുരശുശ്രൂഷ പ്രവർത്തനങ്ങളെക്കുറിച്ച് സുധീർ ഒന്നു വിശദീകരിച്ചു. പാലിയേറ്റീവ് കെയർ സെന്റർ ഭാരവാഹിയായ ഷെഫീക്ക് സേവനമേഖലയിലെ ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ താൽപര്യമുള്ളവരെ 3 ദിവസത്തെ ഒരു ട്രെയിനിംഗിന് ക്ഷണിച്ചു.

സൂര്യാസ്തമയ സമയമായി. കടപ്പുറത്തെ സുന്ദരമായ അന്തരീക്ഷം. ഈ സ്വാതന്ത്ര്യദിനത്തിൽ ഞങ്ങളൊന്നിച്ച് മഹാത്മജിയെയും സ്വാതന്ത്ര്യസമര സേനാനികളെയും സ്മരിച്ച് മാനുഷിക ധ്യാനം നടത്തി. സ്വാതന്ത്ര്യസമരം അവസാനിച്ചിട്ടില്ല. മനുഷ്യ മനസ്സിനെ ദൗർബല്യങ്ങളിൽനിന്നു മോചിപ്പിക്കുമ്പോഴാണ് നാം സ്വതന്ത്രരാകുന്നത്. അതുവരെ സമരം തുടരണം. പുതിയ തലമുറയെ അപകടത്തിലോട്ടു പോകാതെ സംരക്ഷിക്കണം. മോഹൻദാസ് കരംചന്ദ് ഗാന്ധി ഇംഗ്ലണ്ടിലേക്ക് പഠിക്കാൻ പോയപ്പോൾ അമ്മ ഒരു സത്യം ചെയ്യിച്ചിരുന്നു. മദ്യം കഴിക്കുകയില്ല, മറ്റു സ്ത്രീകളെ അമ്മയെപ്പോലെയോ സഹോദരിയെപ്പോലെയോ മാത്രം കരുതും, അസത്യം പറയുകയില്ല. ഈ വിത്തുകൾ യഥാകാലം മുളച്ച് വന്ന്

മോഹൻദാസിൽ അലിഞ്ഞുചേർന്നപ്പോഴാണ് മഹാത്മാഗാന്ധിയായി തീർന്നത്. ലോകത്തിന് വെളിച്ചമായി ഭവിച്ചത്.

കൂടുതൽ പേരും കുടുംബസമേതമാണ് എത്തിയത്. കുട്ടികൾ കടപ്പുറത്ത് കളിച്ചു രസിച്ചു. അമ്മമാരാരും വെറുതെയല്ല വന്നത്. കയ്യിൽപാത്രങ്ങളുണ്ട്. അവയിൽ എന്താണെന്നു നോക്കാം. തോമസ് സക്കറിയായും, സതീഷ് ചന്ദ്രനും, ഷാജിയുമൊക്കെ ച്ചേർന്ന് വിളമ്പാൻ തുടങ്ങി. ആദ്യം എല്ലാവർക്കും വാഴയില കൊടുത്തു. പുറകെ കപ്പ പുഴുങ്ങിയത്, പരിപ്പുവട, കിണ്ണത്തപ്പം, അട തുടങ്ങിയവും, അമ്പലപ്പുഴ പാൽപ്പായസവും ഉണ്ടായിരുന്നു. ഇത്രയേറെ വിഭവസമൃദ്ധിയോടെ നമ്മുടെ യോഗം നടന്നിട്ടില്ല. ഒരു കുടുംബം ഒരു പലഹാരം കൊണ്ടുവന്നു. പലരും കൊണ്ടുവന്നപ്പോൾ ഇഷ്ടം പോലെയായി. പങ്കിട്ട്കഴിച്ചപ്പോൾഅതിലേറെ ആനന്ദം. കടപ്പുറത്തു വന്നവർക്കും കൊടുത്തു. ഭക്ഷണം കഴിച്ച സ്ഥലം ശുചിയാക്കി കടലിൽ കൈ കഴുകി. ഡോ.പത്മകുമാർ, രാജ്കുമാർ, ബാഷ, അബ്ദുൾ ഹക്കിം, കബീർ, സന്തോഷ്, ബാബു, വേണു തുടങ്ങിയവരും കുടുംബസമേതം പങ്കെടുത്തു.

## കൊച്ചുവർത്തമാനം

അയൽക്കൂട്ട രൂപീകരണത്തിന് അച്ഛനോടൊപ്പം പ്രവർത്തിച്ചിട്ടുള്ള പ്രദീപ് ഇപ്പോൾ സൗദിയിൽ ജോലി ചെയ്യുന്നു. ഇന്നലെ വിളിച്ചിരുന്നു. ഒരു കത്തയച്ചിട്ടുണ്ട് യോഗ്യമെങ്കിൽ പ്രസിദ്ധീകരിക്കുക. പിന്നെ അച്ഛന് നല്ല സുഖമില്ലാതിരിക്കുന്നു. പ്രദീപിന് അതിന്റെ വിഷമവുമുണ്ടെന്ന് സംസാരത്തിൽ മനസ്സിലായി. നാളത്തന്നെ പോയി കണ്ടോളാമെന്നു പറഞ്ഞു. കഞ്ഞിപ്പാടത്ത് വൈപ്പിൽ ആണ് വീട്. ഡോ.ഗോപാലകൃഷ്ണൻസാറുമായി രാവിലെതന്നെ പ്രദീപിന്റെ വീട്ടിലെത്തി. സാറിന്റെ ബന്ധുവും കൂടിയായ ശിവാനന്ദൻചേട്ടനെ കണ്ടു. വാർദ്ധക്യസഹജമായ ചില പ്രശ്നങ്ങൾ. മൂത്രം പോകാൻ ട്യൂബ് ഇട്ടിരിക്കുന്നു. ധാരാളം മരുന്നുകളും കഴിക്കാനുണ്ട്. എല്ലാംകൂടി രോഗിക്ക് ആകെ അസ്വസ്ഥത. സാർ അടുത്തിരുന്ന് കുശലം പറഞ്ഞു. മരുന്നുകൾ ഒന്നു ക്രമപ്പെടുത്തി കൊടുത്തു. രോഗം നിസ്സാരമാണെന്നും ഉടനെതന്നെ മാറുമെന്നും പറഞ്ഞ് ധൈര്യം കൊടുത്തു. അതോടെ ദുഃഖിതനായ രോഗി സന്തോഷവാനായി. എന്നാൽ അവിടെ എനിക്ക് മറ്റൊരു വിഷം ഉണ്ടായി. വല്ലാത്ത ദുർഗന്ധം. തോട്ടുവക്കത്താണ് വീട്. ഇരുവശവും നൂറു

കണക്കിന് വീടുകൾ. തോടു കണ്ടാൽ കാളിന്ദിയാണെന്ന് തോന്നും. കാളിയന്റെ വിഷം വമിച്ച് നദിക്ക് നീല നിറമാണെന്ന് പുരണാകഥ. എന്നാൽ ഇത് വാസ്തവം കാപ്പിത്തോട്ടിലെ മാലിന്യങ്ങൾ ഇതിലൂടെ ഒഴുകി പരിസരമാകെ ദുർഗന്ധപൂരിതമാക്കിയിരിക്കുന്നു. വീണ്ടും ഒഴുകി പൂക്കൈതയാറ്റിൽ പതിച്ച് തീരവാസികളെയും ദുരിതത്തിലാക്കുന്നു. ആറ്റിലിറങ്ങിപ്പോലും കുളിക്കാനാകില്ല. നിത്യവും ശ്വസിക്കുന്നവർക്ക് മണംപോലും തിരിച്ചറിയാനാവാതെയായി. കടലിൽ മത്സ്യമുണ്ട്. അത് പിടിക്കാം കഴിക്കാം. സംസ്കരിച്ച് വിദേശത്തേക്ക് അയയ്ക്കുകയും ചെയ്യാം. ധാരാളം പേർക്ക് പണിയും പണവും കിട്ടും. ഇത് വളരെ നല്ലതുതന്നെ. പക്ഷേ, അതിന്റെ മാലിന്യങ്ങൾ പൊതുസ്ഥലത്തേയ്ക്ക് ഒഴുക്കുന്നത് ശരിയല്ല. വീട്ടിലെ മാലിന്യങ്ങൾ പൊതുവഴിയിൽ എറിയുംപോലെ ഇതും കുറ്റകരമാണ്. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം മനോമാലിന്യങ്ങൾ തന്നെ. ശരി കാണാനുള്ള കഴിവ് മനുഷ്യനിന്ന് നഷ്ടമായി വരുന്നു. കാക്കാഴം സ്കൂൾ കുട്ടികൾ അദ്ധ്യാപകർ തുടങ്ങി പതിനായിരക്കണക്കിന് ആളുകളുടെ ആരോഗ്യം തകർക്കുന്ന ഈ ഏർപ്പാട് ഉടൻ നിർത്തേണ്ടതാണ്. മാലിന്യ നിർമാർജനത്തിന് മറ്റൊരു മാർഗം അവലംബിക്കാവുന്നതാണ്.

ഇവിടെ മലിനീകരണ നിയന്ത്രണ ബോർഡ് ഉണ്ടെന്നു പറയുന്നു. അവരുടെ പണിയെന്താണ്? ഓരോരുത്തരും അവരവരുടെ പണി ചെയ്താൽ നാട് സ്വർഗമാകും. ഒരു ശേഷൻ തെരഞ്ഞെടുപ്പു കമ്മീഷണർ ആയപ്പോൾ തെരഞ്ഞെടുപ്പിനു മത്സരിച്ച അഴിമതിക്കാർ കിടുകിടെ വിറച്ചത് നാം കണ്ടു. ശേഷന് പിന്നെയാരും അവസരം കൊടുത്തില്ല. പ്രശ്നങ്ങൾക്ക് രാഷ്ട്രീയ പരിഹാരം പ്രയാസമാണ്. ഏറെപ്പേരും നീതിവിട്ട് വോട്ടിന്റെയും നോട്ടിന്റെയും വഴിയാണ് സഞ്ചരിക്കുന്നത്. കുറുപ്പുസാർ പറഞ്ഞത് എത്ര സത്യം. ഗവൺമെന്റുകൾക്ക് സ്വബോധം കുറവായിരിക്കും. തെരഞ്ഞെടുപ്പിലൂടെ ഏറ്റവും മോശമായതേ തലപ്പത്തുവരൂ. അഥവാ നല്ലതുവന്നാൽ തന്നെ അതും ചീത്തയാവാനാണ് സാധ്യത. ലോകത്തെങ്ങും സ്വന്തം ജനതയെ മറന്ന് അവരുടെ റോഡും നദിയും മലിനമാക്കുന്ന ഇത്തരം പ്രവർത്തന ശൈലി ഉണ്ടാകില്ല. ദയവായി നാം നമ്മുടെ നാട് വൃത്തികേടാക്കരുത്. ഇത് കിടക്കപ്പായയിൽ മൂത്രമൊഴിക്കുന്നതുപോലെ അപഹാസ്യമാണ്. മാലിന്യങ്ങൾ സംസ്ക

രിക്കുവാൻ ഇന്ന് പല മാർഗങ്ങളുണ്ട്. വീടും പരിസരവും ശുചിയായിരിക്കണം. നമ്മുടെ രോഗങ്ങൾക്ക് കാരണമായി എലിയെയും മൃഗങ്ങളെയും പക്ഷികളെയുമൊക്കെ കുറ്റും പറഞ്ഞിട്ട് കാര്യമില്ല. അവ നമ്മെക്കാൾ ആരോഗ്യത്തോടെ ജീവിക്കുന്നു. പരിസര മലിനീകരണമാണ് മുഖ്യ കാരണം.

ദർശനം ശ്രദ്ധയോടെ വായിക്കുന്ന നമ്മുടെ മുൻ പഞ്ചായത്ത് പ്രസിഡന്റ് മുരളിസാറും, സരോജിനിച്ചേച്ചിയും മകൻ കണ്ണനോടൊപ്പം ഇപ്പോൾ അമേരിക്കയിലാണ്. ഇടയ്ക് വിളിച്ച് അവിടുത്തെ വിശേഷങ്ങൾ പറയാറുണ്ട്. തലയിൽ ഒരു വട്ടക്കെട്ടും കെട്ടി ലോകം മുഴുവൻ നടന്ന് പോർവിളി നടത്തുന്നവരാണെങ്കിലും അമേരിക്ക കണ്ടിട്ട് ചേച്ചി പറയുകയാണ് “ഈ നാട് എത്ര മനോഹരം, എന്തു ശുചിത്വം. സുന്ദരമായ റോഡുകൾ, കളിസ്ഥലങ്ങൾ. ഒരിഞ്ചു സ്ഥലംപോലും വെറുതെ കളയാതെ സർവ്വത്ര പൂച്ചെടികൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. എല്ലാം വ്യവസ്ഥാപിതമായി നടക്കുന്നു. കറന്റു പോകുക എന്നു പറഞ്ഞാൽ എന്താണെന്ന് അവർക്കറിയില്ല. എന്തിനധികം വഴിയോര വിശ്രമകേന്ദ്രങ്ങൾ വരെ വെടിപ്പായി പരിപാലിക്കുന്നു. ഡോക്ടറേ സ്വർഗമെന്ന് ഒന്നുണ്ടെങ്കിൽ അത് ഇവിടെയാണ്. പെൺകൊച്ചുങ്ങൾക്ക് തുണി കുറവാണെന്നതൊഴിച്ചാൽ പലതും നാം ഇവിടെനിന്നും പഠിക്കേണ്ടതാണ്. ആരുടേതാണെങ്കിലും നന്മ സ്വീകരിക്കണം, തിന്മ തിരസ്കരിക്കണം”.

കാളിന്ദീ തീരത്തുകൂടി മണവും സഹിച്ച് ഈ വിഷയം സംസാരിച്ചുകൊണ്ട് സാറുമായി തിരികെ നടന്നു. പാവം സാധുജനങ്ങൾ, എല്ലാം സഹിക്കുന്നു. പണ്ട് വൃന്ദാവനത്തിൽ വച്ച് ഇതുപോലൊരവസ്ഥ കണ്ടിട്ടാണ് ഉണ്ണികൃഷ്ണൻ കാളിന്ദിയിലേക്ക് ചാടിയത്. വിഷത്തിന്റെ ഉറവിടം കണ്ടുപിടിച്ച് പരിഹരിച്ചു. ഇന്ന് ആരുണ്ട് ഇതിലേക്ക് എടുത്തുചാടാൻ. നമ്മുടെ എം.എൽ.എ. ജി.സുധാകരൻ ശുദ്ധീകരണത്തിനായി ശ്രമിക്കുന്നുണ്ട്. അത് വിജയത്തിലെത്തിക്കേണ്ടത് നമ്മുടെയും കടമയാണ്. എന്നാൽ ഇന്ന് പൊതുവേ മനുഷ്യർക്ക് പ്രതികരണശേഷി കുറവാണ്. നടക്കുന്നതിനിടയിൽ സാർ ഒരു കഥയും പറഞ്ഞു. ഒരു തവളയെ പിടിച്ച് ചൂട് വെള്ളത്തിൽ ഇട്ടാൽ ഒറ്റച്ചാട്ടത്തിന് അത് രക്ഷപ്പെടും. എന്നാൽ ഒരു തവളയെ പാത്രത്തിലിട്ട് വെള്ളം ഒഴിച്ച് പതുക്കെ ചൂടാക്കിയാൽ തവള അത് സഹിച്ച് കിടന്ന് അവസാനം ചത്തുപോകും. ഇതുതന്നെ

മനുഷ്യന്റെ ഇപ്പോഴത്തെ സ്ഥിതി.

ലോകപ്രശ്നങ്ങളോട് പ്രതികരിക്കാൻ ആവാതെ നാം കുരുക്കിൽ പെടുന്നു. ജാഥകൾക്കും തെരഞ്ഞെടുപ്പിനും പിരിവിനും എതിരാളിയെ തോൽപ്പിക്കാനും ഒക്കെയായി എന്ത് മനുഷ്യോർജമാണ് വൃഥാ കളയുന്നത്. അത് രാജ്യനന്മയ്ക്ക് തിരിച്ചുവിടാൻ വിദ്യാഭ്യാസ സമ്പ്രദായത്തിനോ നേതാക്കൾക്കോ കഴിയുന്നില്ല. ഭരിച്ച് ഭരിച്ച് പള്ളിക്കൂടം വിട്ട് കുട്ടികൾ വീട്ടിൽ വരുന്നതുവരെ രക്ഷാകർത്താക്കൾക്ക് ആധിയാണ്. എന്ത് കുരുത്തക്കേടും നടക്കുന്ന നാട്. വഴി മുഴുവൻ കുപ്പികളും. ഓരോ നാടിനും ഓരോ സംസ്കാരം ഉണ്ട്. മാതൃഭൂമി, മാതൃഭാഷ, മാതാപിതാക്കൾ, ഓരോരുത്തരുടെയും മത സങ്കൽപ്പങ്ങൾ എല്ലാം നമുക്ക് വിലപ്പെട്ടതാണ്. അത് ഉൾക്കൊണ്ട് പരസ്പര സ്നേഹത്തോടെ നമ്മൾ എല്ലാം ഭൂമിക്കാരണെന്ന ബോധതലത്തിലേക്ക് ഉയരണം. അപ്പോൾ നാടുണരും. തൊഴിൽ മേഖല സമൂഹത്തിന് ഉപദ്രവം കൂടാതെ പരോപകാരപ്രദമാക്കുവാനുള്ള നൂതനമാർഗ്ഗങ്ങൾ തെളിഞ്ഞുവരും.

## പ്രഭാകരക്കുറുപ്പ്

ഈ വിഷയം നിർത്തിയിട്ട് കഴിഞ്ഞദിവസം അന്തരിച്ച പ്രഭാകരക്കുറുപ്പിന്റെ വീട്ടിലേക്കാണ് പിന്നീട് ഞങ്ങൾ പോയത്. കുടുംബാംഗങ്ങളെല്ലാം ദുഃഖസാഗരത്തിൽ. ഹേമച്ചേച്ചി ഞങ്ങളോട് വിവരങ്ങൾ പറഞ്ഞു. ചേട്ടന് പ്രമേഹമായിരുന്നു അസുഖം. ഈയിടെ കിഡ്നിക്ക് തകരാറുണ്ടായി. അതിന് ഡയാലിസിസ് ചെയ്തു. തുടർന്നാണ് ഹൃദയധമനിയുടെ ബ്ലോക്ക് കണ്ടുപിടിച്ചത്. അതിനായി ബൈപ്പാസ് ചെയ്തു. അതു വിജയമായിരുന്നു. എങ്കിലും പെട്ടെന്ന് രോഗം മൂർഛിച്ച് അന്ത്യം സംഭവിച്ചു. മനുഷ്യന് അവന്റെ കർമ്മങ്ങൾ ചെയ്യുവാനുള്ള അധികാരം മാത്രമാണുള്ളത്. അത് നാം ചെയ്യുകയും വേണം. ഫലം ഈശ്വരേച്ഛപോലെ നടക്കും. ഈ കഞ്ഞിപ്പാടം എന്ന ഗ്രാമത്തിലേക്ക് ആദ്യമായി ഏറ്റവും നല്ല അദ്ധ്യാപകനുള്ള രാഷ്ട്രപതിയുടെ അവാർഡ് ചേട്ടനെ തേടിയാണ് എത്തിയത്. എന്നും കർമ്മനിരതനായിരുന്നു. സ്ഥിരം കരയോഗത്തിന്റെ സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ്. സമചിത്തത ചേട്ടന്റെ പ്രത്യേകതയായിരുന്നു. വീട്ടിലേയും നാട്ടിലേയും പ്രശ്നങ്ങൾ സമാധാനപൂർവ്വം കൈകാര്യം ചെയ്തു. ബന്ധുക്കൾ ഉൾപ്പെട്ട ഒരു വലിയ

കുടുംബത്തിന്റെ അത്താണിയായിരുന്നു. ചേച്ചിയുടെ അമ്മയും അച്ഛൻ പെങ്ങളുമായ രാജമ്മച്ചേച്ചി ദുഃഖിതയായിരിക്കുന്നു. ഞാനടുത്തു ചെന്നു എന്നെ കൈപിടിച്ച് ചേച്ചി ഒരു ചിത്രത്തിനു മുന്നിലെത്തി എന്നിട്ടു പറഞ്ഞു. കൊച്ചിലെ ഇവനു ഫീസ് കൊടുക്കാനില്ലാഞ്ഞിട്ട് ഞാൻ പങ്കൻചേട്ടന്റെ അടുത്തു വന്ന് അഞ്ചു രൂപ വാങ്ങിയിട്ടുണ്ട്. അവൻ വളർന്ന് ഇവിടെവരെ എത്തി. എന്നിട്ടിപ്പോൾ എങ്ങോട്ടുപോയി. ചിത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ചേച്ചി പറഞ്ഞു. ഞങ്ങൾ ചിത്രത്തിലേക്ക് നോക്കി. മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ ചേട്ടന് അവാർഡ് കൊടുക്കുന്ന ചിത്രം. അവാർഡ് കിട്ടിയത് കഴിവും ഈശ്വരാധീനവുംകൊണ്ട്. മരണവും ഈശ്വരനിശ്ചയം തന്നെ. പക്ഷേ, ഈ സത്യം തിരിച്ചറിയുവാനുള്ള കഴിവ് നമുക്ക് കുറവാണല്ലോ! അംഗീകരിക്കണമെന്ന് ശാസ്ത്രം പറയുന്നത് വിഷമമാണെങ്കിൽ കൂടി നാം അംഗീകരിക്കണം. ഉപേക്ഷിക്കണമെന്ന് പറയുന്നത്. ഒരു പുൽക്കൊടിപോലെ ഉപേക്ഷിക്കണം. അതാണ് ശാന്തിയുടെ മാർഗ്ഗം. കുടുംബാംഗങ്ങൾക്ക് എല്ലാം നേരിടാനുള്ള മനശക്തി കിട്ടണേ എന്ന പ്രാർത്ഥനയോടെ ഞങ്ങൾ തിരിച്ചുപോന്നു.

## കരുവാറ്റ ചന്ദ്രൻ

ബഹുമുഖ പ്രതിഭയും അദ്ധ്യാപകനും അച്ഛന്റെ പ്രിയ ശിഷ്യനുമായിരുന്ന ശ്രീ.കരുവാറ്റ ചന്ദ്രന് തന്റെ കർമ്മ മണ്ഡലത്തിൽ വച്ചാണ് പെട്ടെന്ന് അന്ത്യം സംഭവിച്ചത്. ഒരു നല്ല അദ്ധ്യാപകന് കിട്ടാൻ ഇനി അവാർഡുകളൊന്നും ബാക്കിയുണ്ടാവില്ല. എല്ലാം ചന്ദ്രൻസാറിനെ തേടിയെത്തിയിരുന്നു. മനോരാജ്യത്തിലെ 25 വർഷം നീണ്ടുനിന്ന കാർട്ടൂൺ പരമ്പരയിലൂടെ നാറാണത്തു ഭ്രാന്തന്റെ ചരിത്രം ജനഹൃദയങ്ങളിലെത്തിച്ചു. മരണവിവരമറിഞ്ഞ് കരുവാറ്റയിൽ പോയി ദർശനത്തിന്റെ പ്രണാമം അർപ്പിച്ചു. സാറിന്റെ സഹധർമ്മിണി കൃഷ്ണകുമാരിയെയും മകൻ ശരത്ചന്ദ്രനെയും കണ്ടു. അവർ സാറിന്റെ ഓഫീസ് മുറിയിൽ എന്നെ കൂട്ടിക്കൊണ്ടുപോയി. പുസ്തകങ്ങളും മാസികകളും ആദ്യകാലം മുതലുള്ള ദർശനവും അടുക്കിവച്ചിരിക്കുന്നു. സാറിന്റെ സൂക്ഷ്മ സാന്നിദ്ധ്യവും അവിടെയുണ്ട്. കൂടാതെ കുറുപ്പുസാറിന്റെ ചിത്രവും. പ്രകൃതിയാകുന്ന ഈ പുഷ്പത്തിലെ ഇതളുകൾ കൊഴിയുക സ്വാഭാവികമാണ്. എന്നാൽ കൊഴിയും മുമ്പ് ഇതുപോലെ സ്വധർമ്മം നിറവേറ്റി ചുറ്റും സുഗന്ധം പരത്തിയിരിക്കണം.

*നമ്മുടെ സ്വസ്ഥ ജീവിതത്തിന് തടസ്സം മനുഷ്യമനസ്സിലെ മാലിന്യങ്ങളാണ്. അത് എരിച്ചുകളയുവാൻ പോന്ന ഒരഗ്നി കുറുപ്പുസാറിന്റെ ചിന്തകളിലുണ്ട്. ഈ ലേഖനത്തിലുമുണ്ട്. ഇതിൽനിന്നും ഒരു തിരി കൊളുത്തിയെടുത്ത് പ്രയോഗിച്ച് മേളയ്ക്കുവരുമ്പോൾ ഫലവുമായി വരിക.*

## പരസ്പരാനന്ദ ജീവിതത്തിന്
## ഓരോരുത്തരും മനസ്സൊരുക്കേണമേ

*ആത്മമിത്രമേ, സാദര പ്രണാമം.*

പരമകാരുണികനും, സർവ്വശക്തനുമായ ജഗദീശ്വരനിൽ വിശ്വസിക്കുന്നവരോടും, വിശ്വസിക്കാത്തവരോടും, ഒരു കാര്യം വീണ്ടും അപേക്ഷിക്കട്ടെ. ഈ ഭൂമി നമുക്ക് കലഹിക്കുവാനുള്ളതല്ല. അന്യോന്യം തോളോടുതോൾ ചേർന്ന്, സന്തോഷമായി ഒന്നിച്ച് മുന്നോട്ടു നീങ്ങുവാനുള്ളതാണ്. ഒരാൾ പോലും ഒറ്റപ്പെട്ടു പോകരുത്. ഭൂമിയിൽ ഒരാൾപോലും അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാ നാകാതെ അനാഥനാവാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. എല്ലാവരും ശ്രദ്ധിച്ചാൽ അത് സാധിക്കും. അത്തരത്തിൽ ഒരു ശ്രമം നമുക്കാരംഭിക്കാം. അതിനെന്ത് ചെയ്യണം? ഒന്നാമതായി വേണ്ടത് നമ്മുടെ ഉള്ളിൽ എല്ലാവരെയും നമുക്കുള്ളവരായി കരുതുകയാണ്. സംഭവിച്ചുപോയ പിണക്കങ്ങളും, വെറുപ്പുകളും, അതിർത്തി ത്തർക്കവും, കോടതിക്കേസുകളും ഉൾപ്പെടെ അകലങ്ങളെല്ലാം ഓരോരുത്തരും മനസ്സിൽ വച്ചുകൊണ്ടിരിക്കാതെ വേണ്ടെന്നുവെയ്ക്കുവാൻ സാധന ചെയ്തു തുടങ്ങണം.

അകലങ്ങളും, കലഹങ്ങളും വിഭാഗീയതകളും നീക്കി ഹൃദയശുദ്ധി കൈവരുത്തുന്നതിനാവണം നമ്മുടെ ഇനിയുള്ള സകല നീക്കങ്ങളും. ആരുടെ ഭാഗത്താണ് ശരി, ആർക്കാണ് തെറ്റ് പറ്റിയത് എന്നൊന്നും പുറകോട്ടുപോയി ചികഞ്ഞുനോക്കാൻ ശ്രമിക്കാതെ, നല്ലൊരു ഭാവിജീവിതത്തിനു വേണ്ടി എല്ലാ കലഹങ്ങളും സുല്ലിട്ടവസാനിപ്പിക്കു വാൻ ഇന്നുമുതൽ ഓരോരുത്തരും ശ്രമം തുടങ്ങണം. എനിക്കാരോടും പകയില്ല, ഞാൻ എല്ലാവർക്കും വേണ്ടി എന്നാലാവുന്നതു ചെയ്യാം എന്നു പറയുവാൻ നമുക്കോരോരുത്തർക്കും കഴിയണം. പിണക്കങ്ങൾ എല്ലാം അവസാനിപ്പിച്ച് അന്യോന്യജീവിതം തുടങ്ങാം. അപമാനിതനായും, തോറ്റും, നഷ്ടം സഹിച്ചും ബന്ധം നിലനിർത്തണം. അപ്പോഴേ അതിന്റെ മഹത്വവും, സുഖവും ശാന്തിയും സുരക്ഷിതത്വവും നമുക്കനുഭവമാകൂ.

ഓരോ ദിവസവും പ്രഭാതത്തിൽ നാം ഓരോരുത്തരും ഉണരുന്നത്

എല്ലാവർക്കും വേണ്ടിയാവട്ടെ. എല്ലാ ദിവസവും മുപ്പത് മിനിട്ടെങ്കിലും രാത്രിയോ പകലോ സൗകര്യം പോലെ തൊട്ടടുത്ത വീട്ടുകാർ തുറന്ന മനസ്സോടെ ഒന്നിച്ചിരുന്ന് ശീലിക്കണം. മണ്ണിൽ മുപ്പത് മിന്നിട്ടെങ്കിലും ദിവസേന ഒന്നിച്ചു പണിയെടുക്കുവാൻ എല്ലാവരും തയ്യാറാകണം. നമ്മുടെ കയ്യിൽ വരുന്നത് അത് ആവശ്യമുള്ളവർക്കുകൂടിയാണെന്ന് കരുതി, യഥാശക്തി കൊടുത്തുകൊണ്ടേയിരിക്കണം. മറ്റുള്ളവർ തരുന്നത് സന്തോഷമായി വാങ്ങുകയും വേണം. അങ്ങനെ കൊടുത്തും വാങ്ങിയും ഒന്നിച്ച് അദ്ധ്വാനിച്ചും പങ്കിട്ടനുഭവിച്ചും കൂടി ആലോചിച്ചും ജീവിക്കുന്ന ഒരു ജനത ആയി നമുക്ക് ഉയരാം. ഒരേ ഒരു വീട്ടുകാർ എന്ന ബോധത്തിൽ, യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ, നമുക്ക് ഒന്നിച്ച് പണിയെടുക്കാം. വില വാങ്ങാതെ നമ്മുടെ ഉൽപ്പന്നങ്ങൾ പരസ്പരം കൊടുക്കാം. ഒന്നിച്ച് അദ്ധ്വാനിച്ച് പങ്കിട്ടനുഭവിച്ച് ഒത്തൊരുമയോടെ ജീവിച്ച് ഈ ഭൂമിയെ ആനന്ദഗോളമാക്കാം. നോട്ടും വോട്ടും ഭരണകൂടങ്ങളും മനുഷ്യന്റെ സ്വസ്ഥജീവിതത്തിന് വേണ്ടതാണോ എന്നൊരാലോചന എല്ലാ മനസ്സിലും മുള ഇടണം. വിലയും കൂലിയും കുടുംബത്തിനകത്ത് വേണ്ടാത്തതുപോലെ നാട്ടിലും വേണ്ടെന്നുവയ്ക്കരുതോ?

നമുക്ക് മനുഷ്യരായി, ബന്ധുക്കളായി, പരസ്പരം സ്നേഹാദരങ്ങളോടെ ഇവിടെ ജീവിച്ചുനോക്കാം. നമുക്കിത് സാധിച്ചാൽ നമ്മുടെ ജീവിതം ലോകത്തിനാകെ ഒരു പുതിയ വഴിവിളക്കാകും. നമുക്കോരോരുത്തർക്കും ഓരോ കൈത്തിരിയായി ചുറ്റുവട്ടത്തിൽ പ്രകാശം പരത്താം. ഒന്നിച്ചുപരിശ്രമിച്ചാൽ നമുക്കും നമ്മുടെ ലോകത്തിനും ഭാവിതലമുറയ്ക്കും അതെത്ര മഹത്തായ അനുഭവമായിരിക്കും!

വീട്ടിലും നാട്ടിലും സ്വസ്ഥമായി ജീവിക്കുന്നതിന് ഇതാവശ്യമാണ്. തലമുറതലമുറയായി തുടരേണ്ട ഒരു ജീവിതശൈലിയാണിത്. ഈ രംഗത്തേക്ക് ഓരോരുത്തരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ ഇവ രണ്ടിനോടും അതതിന്റെ ചുറ്റുപാടിൽ കലഹം ഒഴിവാക്കാനും, പട്ടിണിക്കും രോഗത്തിനും എതിരെ വേണ്ടത് ചെയ്യണമെന്നും അപേക്ഷിക്കുന്നു. പഞ്ചായത്തുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സംഘടനകൾ എന്നിവയോടും നീതിന്യായ സ്ഥാപനങ്ങളോടും അതതിന്റെ ചുറ്റുവട്ടത്തിൽ സന്തുഷ്ട ജീവിതം ആവിഷ്ക്കരിച്ച് നിലനിർത്തുന്നതിന് അനുയോജ്യമായ പദ്ധതി തയ്യാറാക്കി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

**ഡി. പങ്കജാക്ഷക്കുറുപ്പ് (25-08-2002)**

സത്യം | അഹിംസ

സ്വാതന്ത്ര്യം

# ദർശനം

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല** : സർവ്വശ്രീ.അനിരുദ്ധൻസാർ, കഞ്ഞിപ്പാടം - 100, ദിനേശ്ബാബു, പഴവീട് - 100, ഗോപാലകൃഷ്ണൻനായർ, ചാത്തൻകരി - 100, സജീവ്, ഇരട്ടക്കുളങ്ങര - 100, മഹേശ്വരിഅമ്മ, അമ്പലപ്പുഴ - 100, സി.രാധാകൃഷ്ണൻ, അമ്പലപ്പുഴ - 200, വാസുദേവൻസാർ, കപ്പക്കട - 500, രതീഷ്ബാബു, കഞ്ഞിപ്പാടം - 100, കുന്നന്താനത്തുനിന്നും സോമച്ചേട്ടൻ, രാജശേഖരൻനായർ, പ്രൊഫ.രാജേന്ദ്രൻനായർ ഇവർ ചേർന്ന്- 500, ഭാസ്കരൻ, ശ്രീകല്യ - 100, രവീന്ദ്രനാഥ്, മുണ്ടയ്കൽ - 100, ഡോ.ശിവസുതൻ - 500,എ.കെ.ഗോപി, കാരിയാട് - 150, ചന്ദ്രശേരൻനായർ,കോതനല്ലൂർ - 150.പ്രൊഫ.പി.കെരവീന്ദ്രനാഥൻനായർ, പഴവീട് - 100, രാധാകൃഷ്ണൻ, കാരാട്ട് - 100. എല്ലാവർക്കും പ്രണാമം.

## സ്മരണാഞ്ജലിയിലേക്ക് സ്വാഗതം

കുടുംബസംഗമത്തിൽ പങ്കെടുക്കുന്നവർ സെപ്റ്റംബർ 18 ബുധനാഴ്ച രാവിലെ നീർക്കുന്നത്ത് ധന്യയിൽ എത്തുക. നമുക്കൊന്നിച്ച് ഭക്ഷണം കഴിച്ച് യോഗസ്ഥലമായ നീർക്കുന്നം എസ്.ഡി.വി.ഗവ.സ്കൂളിലേക്ക് നടക്കാം.സെപ്റ്റംബർ 8 ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ നീർക്കുന്നം സ്കൂളിൽവച്ച് സ്മരണാഞ്ജലിയെ കുറിച്ചുള്ള ആലോചനായോഗം ഉണ്ടായിരിക്കും.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249
For Private Circulation only
at Chaithanya Offset Printers, Punnapra. Phone : 9895505306